25 (169) ഹൈസ്കൂളുകൾക്ക് അനുവദിക്കുന്ന കമ്പ്യൂട്ടറുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹൈസ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പ് കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്; ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) കമ്പ്യൂട്ടർ കോഴ്സ് പഠിപ്പിക്കുന്നതിന് പ്രത്യേകമായി അദ്ധ്യാപകരെ നിയമിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(സി) തൃശ്ശൂർ ജില്ലയിൽ പെരിങ്ങോട്ടുകര ഗവ. ഹയർ സെക്കന്ററി സ്കൂളിന് കമ്പ്യൂട്ടർ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു പദ്ധതിപ്രകാരമാണ് ഇത് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പുതുതായി കമ്പ്യൂട്ടറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

ഉത്തരം

(എ) ഇതുവരെ 461 സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന "ക്ലാസ് പദ്ധതിയും കേരളസർക്കാരിന്റെ കമ്പ്യൂട്ടർ പഠന പരിപാടിയിലും ഉൾപ്പെടുത്തി പി.ടി.എ. യുടെ ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കമ്പ്യൂട്ടർ കോഴ്സ് പഠിപ്പിക്കുന്നതിനായി അടിസ്ഥാന യോഗ്യതയുള്ള ഇൻസ്ട്രക്ടേഴ്സിനെ സ്കൂൾ തലത്തിലുള്ള വിദഗ്ദ്ധ കമ്മിറ്റി തെരഞ്ഞെടുത്ത് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

(ബി) ഇതിലേയ്ക്കായി പ്രത്യേകം അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്. " ക്ലാസ്" പ്രോജക്ട് എന്ന സ്കീമനുസരിച്ചാണ് ഇവിടെ കമ്പ്യൂട്ടർ അനുവദിച്ചത്.

(ഡി) പുതുതായി കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിലേയ്ക്കായി കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് ആവശ്യമായ ഒരു ഡസ്റ്റ് ഫ്രീറും, അടിസ്ഥാനസൗകര്യങ്ങളോടുകൂടി 50 കുട്ടികൾക്ക് ഇരിക്കുവാൻ ആവശ്യമായ ഫർണിച്ചറും സ്കൂൾ അധികൃതരും പി.ടി.എ.യും ചേർന്നു സജ്ജമാക്കണം എന്നതാണ് മാനദണ്ഡം.

26 (170) സ്കൂളുകളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നിഘണ്ടു വിതരണം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നിഘണ്ടു വിതരണം ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly